

ഡോ. എൻ.ഗോപകുമാർ
MS,MCh (Urology),FEBU,FRCS(Glas)
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

മൂത്രാശയ അണുബാധ

ഡോക്ടർ, ഞാൻ 45 വയസ്സുള്ള സോഫ്റ്റ്‌വെയർ എൻജിനീയറാണ്. പ്രമേഹരോഗമുണ്ട്. ഇടവിട്ട് മൂത്രമൊഴിക്കുമ്പോൾ വേദനയും മൂത്രത്തിൽ പഴുപ്പും കാണുന്നു. മൂത്രാശയ അണുബാധയാണെന്ന് ഫിസിഷ്യൻ പറഞ്ഞു. ഈ രോഗത്തെപ്പറ്റി വിശദീകരിക്കാമോ?

ജോൺ ജോസഫ്, കൊച്ചി

ഇ കോളി, പ്രോടിയസ്, സ്യൂഡോമോണാസ് തുടങ്ങിയ ബാക്ടീരിയകൾ മൂലമുണ്ടാകുന്ന അണുബാധയാണ് മൂത്രാശയ അണുബാധ (urinary tract infection). ആരോഗ്യമുള്ള ചില വ്യക്തികളിൽ സങ്കീർണമല്ലാത്ത തരം മൂത്രാശയ അണുബാധ ഉണ്ടാകാം. ഇവർക്ക് നാഡീവ്യൂഹസ്ഥയിലോ മൂത്രാശയ സംവിധാനത്തിലോ തകരാർ കാണുകയില്ല. ലൈംഗികബന്ധം വഴി പകർന്നോ പ്രമേഹം, അമിതഭാരം, ജനിതക കാരണങ്ങൾ എന്നീ കാരണങ്ങൾ മൂലമോ സങ്കീർണമല്ലാത്ത തരം മൂത്രാശയ അണുബാധ ഒരാളെ ബാധിക്കാം.

മൂത്രപ്രവാഹത്തിന് തടസ്സം, നാഡീവ്യൂഹത്തിന്റെ തകരാർ മൂലം മൂത്രം കെട്ടിനിൽക്കുക, ശരീരത്തിന്റെ പ്രതിരോധശക്തി കുറയുക, വൃക്കരോഗം, മൂത്രത്തിൽ കല്ല് എന്നിവ സങ്കീർണമായ മൂത്രാശയ അണുബാധയ്ക്കിടയാക്കുന്നു. മാത്രമല്ല, കത്തീറ്റർ ഉപയോഗിക്കുന്ന രോഗികളിലും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികളിലും ഇത്തരം അണുബാധ കാണപ്പെടുന്നു.

ബാക്ടീരിയകൾ കൂട്ടം ചേർന്ന് കോളനികൾ ഉണ്ടാക്കുന്നതും തൽഫലമായി ബയോഫിലിം രൂപപ്പെടുന്നതും മൂലം ചികിത്സിക്കാൻ പ്രയാസമാകുന്നു. മരുന്നുകളോടു പ്രതികരിക്കാത്ത ബാക്ടീരിയകൾ ചികിത്സയ്ക്ക് ഒരു വെല്ലുവിളിയാണ്. വാക്സീനുകൾ ഒരു ചികിത്സ ഉപാധിയായി മാറുന്നുണ്ട്. ഇടവിട്ട് ഉണ്ടാകുന്ന അണുബാധയ്ക്കു മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ മറ്റു കാരണങ്ങൾ ഉണ്ടെങ്കിൽ ആന്റി ബാക്ടീരിയൽ ചികിത്സയ്ക്കൊപ്പം അത്തരം രോഗങ്ങൾക്കും ചികിത്സ തേടണം. ഉദാഹരണത്തിന്, പ്രായമായ പുരുഷന്മാരിൽ കണ്ടുവരുന്ന പ്രോസ്റ്റേറ്റ് ഗ്രന്ഥിയെ ബാധിക്കുന്ന പ്രോസ്റ്റേറ്റ് വീക്കം, പ്രോസ്റ്റേറ്റ് കാൻസർ മുതലായ രോഗങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് അവശ്യമായ ചികിത്സ തേടണം. മൂത്രത്തിൽ കല്ല് അണുബാധയ്ക്കു കാരണമാകാം. അത് പൂർണമായും ചികിത്സിച്ചു ഭേദമാക്കണം. കുട്ടികളിൽ മൂത്രാശയ അണുബാധയ്ക്കു കാരണമാകുന്ന ജന്മനാ ഉള്ള തകരാറുകൾ ചികിത്സിക്കണം. സ്ത്രീകളിലെ അണുബാധയ്ക്കു കാരണമായ ഫിസ്റ്റുലകൾ പോലെയുള്ള രോഗങ്ങൾ ശസ്ത്രക്രിയ വഴി പരിഹരിക്കണം. ■

പഠിപ്പു കഴിയണം. ജോലി കിട്ടണം. കുറച്ചു കാലം സ്വാതന്ത്ര്യത്തോടെ ജീവിക്കണം. ഇതൊക്കെയാണ് അവൾടെ ആഗ്രഹം.''

അൽപനേരത്തേക്കു ലിവിങ് റൂമിൽ ഒരു നിശ്ശബ്ദത വന്നു തങ്ങി. വിധുബാല വിരലിൽ കിടന്ന മോതിരം വെറുതെ തിരിച്ചു കൊണ്ടിരുന്നു. ഒടുവിൽ ഓമനക്കുഞ്ഞമ്മ ആ നിശ്ശബ്ദതയ്ക്കു വിരാമമിട്ടു.

''അതിപ്പം കൊല്ലങ്ങള് പലത് കടന്നു പോവില്ലേ മക്കളേ?''

''കടന്നുപോകും. ഒരു സംശയോം വേണ്ട.'' ഇന്ദ്രജിത്ത് പറഞ്ഞു.

''പഠിപ്പു തീരണെങ്കി ഒന്നൊന്നര വർഷം. പിന്നെ ജോലിക്കു വേണ്ടിയുള്ള കാത്തിരിപ്പ്. ജോലി കിട്ടിക്കഴിഞ്ഞ് അതിന്റെ സാലറീം അതു സ്പെൻഡ് ചെയ്യുന്ന ത്രില്ലും ഒക്കെ ആസ്വദിച്ച് ഒരു മൂന്നു വർഷം. എല്ലാംകൂടി അഞ്ചു വർഷം. ആം ഐ റൈറ്റ്?'' ഇന്ദ്രജിത്ത് വിധുബാലയുടെ നേർക്കു വിരൽ ചൂണ്ടി ചോദിച്ചു.

''യെസ്.'' വിധുബാല അതു ശരിവച്ചു.

''ഇനി അഞ്ചു വർഷമോ!'' പദ്മജ കൺമിഴിച്ചു. ''അപ്പോഴേക്കും സൂര്യനെത്ര വയസ്സാകും... മുപ്പത്തൊന്ന്. അത്രയൊന്നും നീട്ടിക്കൊണ്ടു പോകാൻ പറ്റത്തില്ല.''

''നമുക്കു കുറച്ചു വെയ്റ്റ് ചെയ്യാം.'' പ്രസാദചന്ദ്രൻ പറഞ്ഞു. ''പഠിപ്പു തീരുന്നതുവരെ. അല്ലെങ്കിൽ ജോലി കിട്ടുന്നതുവരെ. അതിൽ കൂടുതലെങ്ങനാ...''

വിധുമതിയോ മകളോ അതിനുത്തരം പറഞ്ഞില്ല. എവിടെയോ ഒരു നിർബന്ധബുദ്ധി ഇടപെടുന്നുണ്ടെന്നു വിധുബാലയ്ക്കു തോന്നി.

''അഞ്ചു വർഷം വെയ്റ്റ് ചെയ്യണെങ്കി സൂര്യൻ വേറെ പെണ്ണു നോക്കുന്നതാ നല്ലത്.'' പദ്മജ ലേശം കടുപ്പിച്ചുതന്നെ പറഞ്ഞു.

''നമ്മൾ പറയുന്ന സമയത്ത് കല്യാണം കഴിച്ചേ പറ്റൂന്ന് നമുക്കൊരാളെ നിർബന്ധിക്കാൻ പറ്റോ പത്മേടത്തീ. ആ കാലം പോയില്ലേ.''

വിധുമതി പറഞ്ഞതോടെ ചർച്ചയ്ക്കു മുന്നോട്ടുള്ള വഴി അടഞ്ഞു. ''അത് അപ്പച്ചി പറഞ്ഞതാണ് കറക്ട്.''

ഇന്ദ്രജിത്ത് അഭിപ്രായപ്പെട്ടു. ''അവർക്കു രണ്ടുപേർക്കും തമ്മിൽ ഒരു മ്യൂച്വൽ അണ്ടർസ്റ്റാൻഡിങ് ഒണ്ടെങ്കിൽ പിന്നെ നമുക്കെന്തു കാര്യം?''

ഗോവിന്ദക്കുറുപ്പിനും ഓമനക്കുഞ്ഞമ്മയ്ക്കും പക്ഷേ കടുത്ത നിരാശയായി. മകളുടെ പെൺകുഞ്ഞിനെ ഇറുത്തെടുത്ത് പെൺകുഞ്ഞുങ്ങളില്ലാത്ത ഈ കുടുംബത്തിൽ വച്ചു വാഴിക്കാം എന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ.

''പുതിയ കാലം നല്ലതല്ല. പുതിയ രീതികളും നല്ലതല്ല. എല്ലാവർക്കും സ്വാതന്ത്ര്യം കൂടിക്കൂടി വരുന്നു. അടിച്ചുപിരിയുന്ന ഭാര്യാഭർത്താക്കൻമാരുടെ എണ്ണം ഇരട്ടിച്ചിരട്ടിച്ചു വരുന്നു.

ഭാര്യയ്ക്കും ഭർത്താവിനും അന്യപുരുഷന്റെയോ അന്യസ്ത്രീയുടെയോ കൂടെ താമസിക്കാൻ പറ്റുന്ന കാലം.'' ഗോവിന്ദക്കുറുപ്പ് അതൃപ്തിയോടെ പറഞ്ഞു. വിവാഹവിഷയം അതോടെ അവസാനിച്ചു. ഇന്ദ്രജിത്ത് ടിവി ഓൺചെയ്തു വച്ചു. അതിൽ ക്രിക്കറ്റ് മാച്ച് നടക്കുന്നുണ്ടായിരുന്നു. കറച്ചുനേരം കളി കണ്ടശേഷം വിധുബാല എഴുന്നേറ്റ് സിറ്റൗട്ടിൽ പോയി ഇരുന്നു.

റോഡും അതിനപ്പുറം പാടശേഖരവുമാണ്. വിധുബാല ഫോണെടുത്ത് റീൽസ് നോക്കിക്കൊണ്ടിരിക്കുമ്പോൾ സൂര്യദത്ത് സിറ്റൗട്ടിലേക്കു വന്നു.

''ഇവിടൊറ്റയ്ക്കിരുന്ന് എന്തു ചെയ്യുവാ?'' അയാൾ അവൾക്കരികെ ഇരുന്നു.

''വെറുതെ ഫോണും നോക്കി ഇരിക്കുവാരുന്നു.''

''ഇത് ഫോൾഡിങ് ഫോണാണോ?''

''അതെ.''

''കൊള്ളാവല്ലോ. ഇതെന്നു വാങ്ങി?''

''മൂന്നാലു ദിവസം മുൻപ്.''

''എത്ര രൂപയായി.''

''നയന്റി തൗസന്റ്.''

''ഇത്രയും വിലപിടിച്ചതൊക്കെയാണോ യൂസ് ചെയ്യുന്നെ?''